**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 877** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കൂട് മത്സ്യകൃഷി വിപുലീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** അമ്പൂരി ഗ്രാമപഞ്ചായത്തിലെ നെയ്യാർ ഡാം റിസർവോയർ കേന്ദ്രീകരിച്ച് നിലവിൽ നടപ്പാക്കിവരുന്ന കൂട് മത്സ്യകൃഷി പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** PMMSY - Participatory Integrated Fisheries Development in Selected Reservoirs of Kerala എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ADAK പാറശാല മണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിൽപ്പെട്ട നെയ്യാർ റിസർവോയറിൽ 6 × 4 × 4 മീറ്റർ വലിപ്പമുള്ള 100 HDPE കേജുകൾ സ്ഥാപിച്ച് കൂട് മത്സ്യകൃഷി നടപ്പിലാക്കി വരുന്നു. നെയ്യാർ റിസർവോയറിനെ ആശ്രയിച്ച് ജീവിക്കുന്ന സമീപവാസികളായ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC) അംഗങ്ങളായ മത്സ്യത്തൊഴിലാളികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. പരിസ്ഥിതിക്ക് അനുയോജ്യമായതും തദ്ദേശീയവുമായ ഇനം മത്സ്യങ്ങളെ വളർത്തി അതിലൂടെ വരുമാനം കണ്ടെത്തി ആദിവാസി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ടി പദ്ധതിയുടെ ഭാഗമായി 4,57,000 എണ്ണം കരിമീൻ, 50,000 എണ്ണം വരാൽ, 15,000 എണ്ണം അനബാസ് എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് പരിപാലിക്കുകയും നാളിതുവരെ 12,619.1 കിലോഗ്രാം മത്സ്യം വിളവെടുക്കുകയുമുണ്ടായി.

**(ബി)** പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ എത്ര ഗ്രൂപ്പുകൾ /വ്യക്തികൾ മത്സ്യകൃഷി നടത്തുന്നുണ്ട്; ഇവർക്ക് നൽകിവരുന്ന സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ എന്തൊക്കെയാണ്;വ്യക്തമാക്കാമോ ;

**<u>മറുപടി:</u>** PMMSY പദ്ധതിയുടെ ഭാഗമായി 100 ഫ്ലോട്ടിംഗ് HDPE കൂട് ഫ്രെയിമുകൾ, വല കൂടുകൾ, സോളാർ വിളക്കുകൾ, ഫ്ലോട്ടിംഗ് പ്ലാറ്റ്ഫോം, ബെർത്തിംഗ് ഫോർ പ്രീ-പ്രോസസ്സിംഗ് ആൻഡ് പാക്കിംഗ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഈ കൂടുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ സംഭരിച്ച് വളർത്തിവരുന്നു. പ്രസ്‌തുത പദ്ധതിയുടെ ഭാഗമായി എക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC) അംഗങ്ങളായ 13 ആദിവാസി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ടി ജീവനക്കാർക്ക് കൂട് മത്സ്യകൃഷിയിൽ പ്രായോഗിക പരിശീലനവും നൽകിയിട്ടുണ്ട്.

**(സി)** കൂട് മത്സ്യകൃഷി വിപുലീകരിക്കുന്നതിനായി പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;വിശദമാക്കാമോ ;

**<u>മറുപടി:</u>** റിസർവോയർ കൂട് മത്സ്യകൃഷി വിപുലീകരിക്കുന്നതിനായി പദ്ധതികൾ രൂപീകരിക്കുന്നതാണ്.

**(ഡി)** വന്യമൃഗശല്യവും മുതലകളുടെ സാന്നിധ്യവും കാരണം കൂട് മത്സ്യകൃഷി നടത്തുന്നവർ നേരിടുന്ന സുരക്ഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മത്സ്യകൃഷിയുടെ സുരക്ഷയുടെ ഭാഗമായി കൂടുകൾക്ക് ചുറ്റും സുരക്ഷാ വല സ്ഥാപിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**